(ഡി) ഫെബ്രുവരി മാസത്തിൽ സംസ്ഥാനത്ത് പ്രതിദിനം ശരാശരി 25.42 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

(ഇ) ഫെബ്രുവരി മാസത്തിലെ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം ശരാശരി 35.75 മി.യൂണിറ്റ് ആയിരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1007.1 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ കമ്മീഷൻ ചെയ്ത വിവിധ പദ്ധതികളിൽ നിന്നും 2000-2001-ൽ 2001 ജനുവരി വരെ 7547.55 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 1991-92 മുതൽ 5/1996 വരെ 30575.06 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്ന 5/1996 മുതൽ 1/2001 വരെ 34652.31 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1/2001 വരെ 4077.25 മില്യൻ യൂണിറ്റ് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിച്ചിട്ടുണ്ട്.

കർഷകർക്ക് പലിശരഹിത വായ്പ

7 (*185) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാന വ്യാപകമാകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള സാമ്പത്തിക നഷ്ടങ്ങളുടെ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കാൻ പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പലിശരഹിത വായ്പ പദ്ധതിയുടെ പ്രയോജനം എത്ര കർഷകർക്ക് ലഭിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കർഷകർക്ക് സഹകരണ സ്ഥാപനങ്ങളിലൂടെ പലിശരഹിത വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സ്വാശ്രയസഹായസംഘം പദ്ധതിപ്രകാരം സഹകരണ സംഘങ്ങൾ വഴി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കപ്പെടുന്ന സ്വാശ്രയഗ്രൂപ്പുകൾക്ക് 9.5 ശതമാനം പലിശ നിരക്കിൽ നൽകിവരുന്ന കാർഷിക വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് വായ്പ തുക പലിശരഹിതമാക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ടി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിവരുകയും ചെയ്യുന്നുണ്ട്.

(ബി) സ്വാശ്രയ ഗ്രൂപ്പുകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചു കഴിഞ്ഞതിനാൽ സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിൽവന്നു കഴിഞ്ഞു. ഇപ്രകാരമുള്ള സ്വാശ്രയഗ്രൂപ്പുകൾക്ക് 9.5 ശതമാനം പലിശ നിരക്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകിവരുന്ന വായ്പ യഥാസമയം തിരിച്ചടക്കുന്ന ഗ്രൂപ്പുകൾക്ക് 5 ശതമാനം പലിശ സബ്സിഡി (Production incentive) നൽകാവുന്നതാണെന്ന് സർക്കാരിന്റെ 20-1-1998-ലെ ജി.ഒ.(എം.എസ്) 15/98/കോ-ഓപ്പറേറ്റീവ് നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി 4.5 ശതമാനം പലിശ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് വഴിയുള്ള തുക നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇവ പ്രാവർത്തികമാക്കുമ്പോൾ പലിശയില്ലാത്ത കാർഷിക വായ്പ ടി സ്വാശ്രയ ഗ്രൂപ്പ് അംഗങ്ങൾക്ക് ലഭ്യമാകുന്നതാണ്.

(സി) കേരളത്തിലെ കാർഷിക വിളകൾക്ക് പുതിയ ഇറക്കുമതി നയംമൂലം വിലമാന്ദ്യം സംഭവിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് (കയറ്റുമതി ചെയ്യുന്നവ ഉൾപ്പെടെ) ന്യായമായ വില ലഭിക്കാതെ വരികയും വ്യാപാരം നടക്കാതെ വരികയും ചെയ്യുന്നതുമൂലം വളരെ കഷ്ടതകൾ അനുഭവിച്ചു വരുന്നുണ്ട്. വീണ്ടും കൃഷിയിറക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ കാർഷിക പ്രവർത്തനം ചെലവ് കുറഞ്ഞതും ലാഭകരവുമായി മാറ്റുക, കൃഷിചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം മുടക്കം കൂടാതെ ലഭിക്കുക, കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുക തുടങ്ങിയ ഉദ്ദേശത്തോടുകൂടി കർഷകരെയും കാർഷിക തൊഴിലാളികളെയും ഭൂവുടമകളെയും ഉൾപ്പെടുത്തി കാർഷികവും അനുബന്ധ പ്രവർത്തനങ്ങളും വിജയകരമായി നടപ്പാക്കുന്നതിനാണ് സ്വാശ്രയ ഗ്രൂപ്പ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) കണ്ണൂർ ജില്ലയിൽ 2893 പേർക്കും പാലക്കാട് ജില്ലയിൽ 1632 പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗക്ഷേമ വകുപ്പ് രൂപീകരണം

8 (*186) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly